# അടുത്ത അധ്യയനവർഷം പാഠ്യപദ്ധതി പരിഷ്കരിക്കും -മന്ത്രി മാണി




*ആലുവയിൽ കേരള ഹയർ സെക്കൻഡറി ടീച്ചേഴ്സ് യൂനിയൻ 13ാമത് സംസ്ഥാന സമ്മേളനം മന്ത്രി കെ.എം. മാണി ഉദ്ഘാടനം ചെയ്യുന്നു*

**ആലുവ:** അടുത്ത അധ്യയനവർഷം പാഠ്യപദ്ധതി പരിഷ്കരിക്കുമെന്ന് ധനമന്ത്രി കെ.എം. മാണി പറഞ്ഞു. 2013ലെ പാഠ്യപദ്ധതി സമീപരേഖയുടെ അടിസ്ഥാനത്തിലായിരിക്കും പാഠ്യപദ്ധതി പരിഷ്കരിക്കുകയെന്നും മന്ത്രി പറഞ്ഞു. ആലുവയിൽ നടന്ന കേരള ഹയർ സെക്കൻഡറി ടീച്ചേഴ്സ് യൂനിയൻ 13ാമത് സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിദ്യാർഥികളുടെ പാഠ്യേതര വിഷയങ്ങളിലെ കഴിവുകൾക്ക് പ്രാധാന്യം നൽകിയായിരിക്കും പരിഷ്കരിക്കുക. ഇത് കരിക്കുലത്തിന്റെ ഭാഗമാക്കും. വിദ്യാർഥികൾ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ കൂടുതൽ അറിവ് സമ്പാദിച്ചാണ് വരുന്നതെന്നും ഇവരെ പ്രാപ്തരാക്കാൻ അധ്യാപകരുടെ കഴിവ് വികസിപ്പിക്കേണ്ടതാണെന്നും മന്ത്രി പറഞ്ഞു. വിദ്യാർഥികളുടെ ചിന്താ ശക്തി ഉദ്ദീപിപ്പിക്കാനാണ് സർക്കാർ പണം ചെലവാക്കുന്നത്. ഈ ബജറ്റിൽ 879 കോടിയാണ് സംസ്ഥാന സർക്കാർ മാറ്റിവെച്ചതെന്നും മന്ത്രി അറിയിച്ചു. മുസ്ലിം ലീഗ് ജനറൽ സെക്രട്ടറി കെ.പി.എ. മജീദ്, മുസ്ലിം ലീഗ് ജില്ലാ പ്രസിഡന്റ് എം.പി. അബ്ദുൽ ഖാദർ, കെ.എച്ച്.എസ്.ടി.യു ജനറൽ സെക്രട്ടറി ഒ. ഷൗക്കത്തലി, പ്രസിഡന്റ് എം.എം. ഷാഫി, ജില്ലാ പ്രസിഡന്റ് മുഹമ്മദ് റാസി എന്നിവർ സംസാരിച്ചു.